ഊർജ്ജ വകുപ്പ് കൊട്ടാരക്കര നടപ്പാക്കിയ വികസന പദ്ധതി

31(2069) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

പ്രവൃത്തി (പദ്ധതി)യുടെ പേര്	11 കെ.വി. ലൈൻ Km.	ട്രാൻസ് ഫോർമറുകൾ Nos.	എൽ.റ്റി. ലൈൻ Km.	കൺവേർഷൻ Km.	സർവ്വീസ് കണക്ഷൻ Nos.
ബോർഡിന്റെ നോർമൽ ഫണ്ട്	91.3	107	13.13	192.56	1872
ആർ.ജി.ജി.വി.വൈ.	0.23		3.877		235
ഡി.ഡി.യു.ജി.ജെ.വൈ.			0.138		183
ഒ.വൈ.ഇ.സി.					5030
എം.എൽ.എ. എസ്.ഡി.എഫ്			0.45	0.4	
ആകെ	91.53	107	17.595	192.96	7320

GPM. 2/243/2020-14

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 5 എം.വി.എ.-യിൽ നിന്നും 10 എം.വി.എ. ആയി ഉയർത്തുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് അനുബന്ധമായി കൊടുത്തിരിക്കുന്നു*. പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തികൾക്കായി 2015-16 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തുകയും 36.2174 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) ഇനി പൂർത്തിയാക്കാനുള്ളതും ഇപ്പോൾ നടന്നുവരുന്നതുമായ ജോലികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പ്രവൃത്തികൾ	അളവ്	തുക ലക്ഷം (രൂപയിൽ)
11 കെ.വി. ലൈൻ	3.75 കി.മീ.	18.52
ട്രാൻസ്ഫോർമറുകൾ	3 എണ്ണം	6.9
കൺവേർഷൻ	4.1 കി.മീ.	5.43

വൈദ്യുതി ഉല്പാദനം

32(2070) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി എത്ര വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്ര; ഉല്പാദനവും ഉപഭോഗവും തമ്മിൽ നിലവിലുള്ള അന്തരം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly